# ഒയാസിസ്

## റിവിഷൻ പാക്കേജ്

പത്താം തരം

## കേരള പാഠാവലി

ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)
ഇടുക്കി, തൊടുപുഴ
**2020-21**

ശിൽപശാലയിൽ പങ്കെടുത്തവർ

1. രാധിക പി.ബി

   എച്ച്.എസ്.ടി (മലയാളം)

   ജി.ടി.എച്ച്.എസ്.എസ് പൂമാല

2. ജനി വി രാഘവൻ

   എച്ച്.എസ്.ടി (മലയാളം)

   ജി.വി.എച്ച്.എസ്.എസ് തട്ടക്കുഴ

3. പി.കെ. സുരേഷ്

   എച്ച്.എസ്.ടി (മലയാളം)

   ജി.എച്ച്.എസ്.എസ് വെസ്റ്റ് കോടിക്കുളം

അക്കാദമിക മേൽനോട്ടം

**എ.എം. ഷാജഹാൻ**

**ലക്ചറർ, സി.എം.ഡി.ഇ ഫാക്കൽറ്റി, ഡയറ്റ്, ഇടുക്കി**

---


**ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)**

**ഇടുക്കി, തൊടുപുഴ**

**ഫോൺ: 04862 226990** **email: dietidukki@gamil.com**

**website: www.dietidukki.in**

# റിവിഷൻ പാക്കേജിനെക്കുറിച്ച്

'മൾട്ടിപ്പിൾ റപ്രസന്റേഷൻ ഓഫ് റിയാലിറ്റി' എന്ന ആശയത്തിന് ജ്ഞാനനിർമ്മിതി സമീപനത്തിൽ വളരെ പ്രധാന്യമുണ്ട്. Glasersfeld (2008; 1991; 1989) ന്റെ അഭിപ്രായത്തിൽ യഥാർത്ഥ ലോകവുമായി ബന്ധപ്പെട്ട് ഒരാളുടെ തലച്ചോറിൽ ഉണ്ടാകുന്ന രൂപം യഥാർത്ഥ ലോകത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നുവെന്ന് നമുക്ക് യാതൊരു ഉറപ്പുമില്ല. ഇത് മനുഷ്യന്റെ സംവേദനവ്യവസ്ഥ യാഥാർത്ഥ്യത്തെ തലച്ചോറിൽ എങ്ങനെ ക്രമീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുമത്രേ! ഗ്ലെയ്സേർസ് ഫെഡിന്റെ ജ്ഞാനനിർമ്മിതിവാദം റാഡിക്കൽ കൺസ്ട്രക്റ്റിവിസം (Radical Constructivism) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരാൾ ഒരു താമരപ്പൂ കാണുമ്പോൾ അയാളുടെ മനസ്സിൽ രൂപപ്പെടുന്ന ആശയം അഥവാ രൂപം യഥാർത്ഥ താമരപ്പൂവിന്റേതു തന്നെയാണോയെന്നത് നമ്മൾക്കെങ്ങനെ അറിയാൻ കഴിയും? അതുകൊണ്ടുകൂടിയാണ് പഠനപ്രക്രിയയിലുടനീളം മനസ്സിലാക്കിയ കാര്യങ്ങളെ പലരീതിയിൽ രേഖപ്പെടുത്താനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകണമെന്ന് പറയുന്നത്. പദസൂര്യൻ, പട്ടിക, ആശയഭൂപടം, ചിത്രീകരണം, ഫ്ലോചാർട്ട്, ടൈംലൈൻ, മൈന്റ് മാപ്പിംഗ് തുടങ്ങി മറ്റു പല തരത്തിലുള്ള കൊഗ്നിറ്റീവ് ഓർഗനൈസേഷനുകളായി നേടിയ അറിവിനെ ക്രമീകരിക്കുന്നതിലൂടെ ഓരോ കുട്ടിയുടെയും മാനസികനില, അറിവിന്റെ തലം, വികാസം എന്നിവ അധ്യാപകർക്ക് കണ്ടെത്താൻ കഴിയും. ഇതിലൂടെ നേടിയ അറിവ് യാഥാർത്ഥ്യത്തോട് എത്ര മാത്രം അടുത്തുനിൽക്കുന്നു എന്നത് ഗുണാത്മകമായി വിശകലനം ചെയ്യാനും സാധിക്കുന്നു. ഇത്തരം രേഖപ്പെടുത്തലുകൾക്കുള്ള അവസരമൊരുക്കുന്നത് ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട് മാത്രമല്ലെന്ന് സാരം.

പഠനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും കുട്ടിക്ക് ഇതിനുള്ള അവസരങ്ങൾ പല രീതിയിൽ അധ്യാപിക ഒരുക്കിക്കൊടുക്കുന്നതിനനുസരിച്ചായിരിക്കും രൂപപ്പെടുന്ന ഇത്തരം ഉല്പന്നങ്ങളുടെ വൈവിധ്യവും. ഇത് പഠനശേഷം നടക്കേണ്ട ഒരു കാര്യമല്ല. പഠനപ്രക്രിയയോടൊപ്പം നടക്കേണ്ടതായ ഒന്നാണ്. ഇത്തരം രേഖപ്പെടുത്തലുകൾ ആശയവ്യക്തതക്കും അറിവിന്റെ ഗുണമേന്മക്കും ഒഴിച്ചുകൂടാനാവാത്തതായി ജ്ഞാനനിർമ്മിതിവാദം പറയുന്നുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ അത്തരം അവസരങ്ങൾ ക്രിയാത്മകമായി ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പഠനശേഷം ലഭിച്ച അറിവിനെ ക്രമീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നത് അറിവിനെ പ്രബലപ്പെടുത്തുകയും ആശയങ്ങളുടെ വ്യക്തത വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതിനാലാണ് കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ പരീക്ഷയെ ആരോഗ്യകരമായി അഭിമുഖീകരിക്കുന്നതിനും കുട്ടികൾക്കുള്ള ആശങ്ക കുറക്കുന്നതിനുമായി ഇടുക്കി ഡയറ്റ് ഈ റിവിഷൻ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്.

പത്താം തരത്തിലെ വിവരവിനിമയസാങ്കേതികവിദ്യ ഒഴികെയുള്ള എല്ലാ വിഷയങ്ങളിലെയും എല്ലാ യൂണിറ്റുകളും ഉൾക്കൊള്ളിച്ചാണ് ഈ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ ഫോക്കസ് മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകി റിവിഷൻപാക്കേജ് ഉപയോഗിക്കാൻ എല്ലാ അധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**പ്രിൻസിപ്പാൾ, ഡയറ്റ്, ഇടുക്കി.**

## കേരള പാഠാവലി

## പ്രവേശകങ്ങൾ-യൂണിറ്റുകളിലേക്കുള്ള കിളിവാതിലുകൾ

### യൂണിറ്റ്-1

### കാലാതീതം കാവ്യവിസ്മയം

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ

കവികളുടെ ഭാഷ-സച്ചിദാനന്ദൻ

- ഇലകളുടെ മർമ്മരം, തത്തകളുടെ കൊഞ്ചൽ, ഗൗളികളുടെ ചിലയ്ക്കൽ എന്നിവയെല്ലാം ലോകത്തെല്ലായിടത്തും സമാനമാണ്.
- ലോകമെമ്പാടുമുള്ള സാഹിത്യകാരന്മാർ വികാരങ്ങൾ ആവിഷ്കരിക്കുന്നത് ഒരുപോലെയാണ്.
- മഹത്തായ സാഹിത്യകൃതികൾ വ്യത്യസ്തഭാഷകളിലാണ് എഴുതപ്പെട്ടതെങ്കിലും എല്ലാം ലോകനന്മ ലക്ഷ്യമാക്കിയുള്ളതാണ്.

### യൂണിറ്റ്-2

### അനുഭൂതികൾ ആവിഷ്കാരങ്ങൾ

അൻ പുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ
നൺപെന്ന മഹിതസൗഭാഗ്യം

- തിരുക്കുറൽ (തിരുവള്ളുവർ)

- വ്യക്തി-കുടുംബ-സാമൂഹിക ബന്ധങ്ങൾ കാത്തുസൂക്ഷിക്കേണ്ടവയാണ്.
- ബന്ധങ്ങളാണ് ജീവിതത്തിന് സൗഭാഗ്യങ്ങൾ പ്രദാനം ചെയ്യുന്നത്
- ബന്ധങ്ങളിൽ വിള്ളലുകൾ വരാതെ സൂക്ഷിക്കണം

### യൂണിറ്റ്-3

സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

കല...

എത്ര ദീർഘം! സാധനാലഭ്യം!
ആവൂ! ജീവിതമെത്ര ഹ്രസ്വതരം!

-ഡോക്ടർ ഫൗസ്റ്റ് (ഗോയ്ഥേ)

- നിരന്തരമായ പരിശീലന (സാധന)ത്തിലൂടെ മാത്രമേ നല്ല കലാസൃഷ്ടികൾ ജനിക്കുകയുള്ളൂ.
- കലകൾ അനശ്വരവും കാലാതീതവുമാണ്
- ജീവിതം ഹ്രസ്വവും നശ്വരവുമാണ്
- ചേമ്പിലയിലെ വെള്ളത്തുള്ളിയ്ക്ക് സമാനമാണ് മനുഷ്യജീവിതം.

## യൂണിറ്റ്-4
## വാക്കുകൾ സർഗ്ഗതാളങ്ങൾ

ആ പ്രായത്തിലാണ്,
എന്നെ ത്തേടി
കവിത വന്നണഞ്ഞത്
എനിയ്ക്കറിയില്ല,
എവിടെനിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽ നിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽ നിന്നോ
എങ്ങനെയാ, ണെപ്പോളാണെന്നും
എനിയ്ക്കറിയില്ല...

-പാബ്ലോനെരൂദ

- എഴുത്തിന് കാലം, ദേശം, എന്നീ വ്യത്യാസങ്ങളില്ല.
- എപ്പോഴാണ് രചന നടക്കുന്നതെന്ന് പറയാൻ കഴിയില്ല.
- എഴുത്തിന് എന്തും വിഷയമാക്കാം
- കുളിർത്തുവിറയ്ക്കുന്ന ശിശിരം, പതഞ്ഞൊഴുകുന്ന നദി, എന്നിവയിൽ നിന്നൊക്കെ കവിത ജനിക്കാം.
- ജീവിതാനുഭവങ്ങളാണ് സാഹിത്യത്തെ നിർമ്മിക്കുന്നത്.

## യൂണിറ്റ്-5
## കലകൾ, കാവ്യങ്ങൾ

**ചിത്രനിരീക്ഷണം**

വിൻസെന്റ് വാൻഗോഗിന്റെ
പൊട്ടെറ്റോ ഈറ്റേഴ്സ്

**ചിത്രവായന**

- ചിത്രത്തിലെ സമയസൂചന-തൂക്കുവിളക്ക്
- മനുഷ്യർ അവരുടെ വേഷം-വൃദ്ധർ, യുവതി, കുട്ടി, പാശ്ചാത്യവസ്ത്രരീതി, ശീതകാലം
- സാമൂഹികാവസ്ഥ വെളിവാക്കുന്ന പ്രത്യേകതകൾ
- നിരാശ നിറഞ്ഞ മുഖം-ദാരിദ്ര്യം

# കേരളപാഠാവലി
## യൂണിറ്റ് I

**കാലാതീതം കാവ്യവിസ്മയം**

**പാഠങ്ങൾ**

ലക്ഷ്മണസാന്ത്വനം (എഴുത്തച്ഛൻ)

ഋതുയോഗം ( ഏ.ആർ.രാജരാജവർമ)

പാവങ്ങൾ ( വിക്ടർഹ്യൂഗോ)

**I** പട്ടിക

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം | പാഠം |
|---|---|---|---|
| ■ എഴുത്തച്ഛൻ | അദ്ധ്യാത്മരാമായണം | കിളിപ്പാട്ട് | ലക്ഷ്മണ സാന്ത്വനം |
| ■ കാളിദാസൻ<br>■ ഏ.ആർ. രാജ രാജവർമ്മ | അഭിജ്ഞാന ശാകുന്തളം<br>മലയാള ശാകുന്തളം (വിവർത്തനം) | നാടകം<br>നാടകം | ഋതുയോഗം |
| ■ വിക്ടർ ഹ്യൂഗോ<br>■ നാലപ്പാട്ട് നാരായണമേനോൻ | ലാമിറാബലെ (ഫ്രഞ്ച്)<br>പാവങ്ങൾ (വിവർത്തനം) | നോവൽ<br>നോവൽ | പാവങ്ങൾ |

## ആശയചാർട്ട്

### ലക്ഷ്മണ സാന്ത്വനം

ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശങ്ങൾ

| ജീവിതത്തിന്റെ നശ്വരത | ദേഹത്തേക്കാൾ ആത്മാവിന് പ്രാധാന്യം | ക്രോധം വെടിയണം |
|---|---|---|
| ▪ സുഖഭോഗങ്ങൾ നിറഞ്ഞ ലോകം ശാശ്വതമല്ല<br>▪ ഐശ്വര്യം, യൗവനം എന്നിവ അസ്ഥിരം<br>▪ സുഖഭോഗങ്ങൾ മിന്നലിന് തുല്യം (വേഗം നശിക്കും)<br>▪ ചുട്ടു പഴുത്ത ലോഹത്തിൽ വീഴുന്ന വെള്ളത്തുള്ളികൾക്ക് സമം ജീവിതം (പെട്ടെന്നു നശിക്കും)<br>▪ കുടുംബ ജീവിതം പെരുവഴിയമ്പലത്തിലെ കൂടിച്ചേരൽ പോലെ അസ്ഥിരം<br>▪ ഒന്നിച്ചൊഴുകിയിരുന്ന തടിക്കഷണങ്ങൾ നദീപ്രവാഹത്തിനനുസരിച്ച് വേർപിരിഞ്ഞൊഴുകുന്നതുപോലെ അസ്ഥിരം കുടുംബജീവിതം | ▪ ദേഹത്തെ പ്രതി അഹങ്കരിക്കരുത്<br>▪ ദേഹം പെട്ടെന്ന് നശിക്കും<br>▪ ജന്തുക്കളുടെ കാഷ്ഠമായിത്തീരുന്നു.<br>▪ കൃമികളായും ചാരമായും മാറുന്നു.<br>▪ ദേഹാഹങ്കാരത്താൽ ലോകം നശിപ്പിക്കാം എന്ന ചിന്ത അറിവില്ലായ്മയിൽ നിന്ന് ഉടലെടുക്കുന്നു.<br>▪ ദേഹമാണ് താൻ എന്ന ചിന്ത അവിദ്യയിൽ നിന്നു ജനിക്കുന്നു<br>▪ മോഹത്തെ ഇല്ലാതാക്കുന്നത് വിദ്യയാണ്. | ▪ ദേഹാഭിമാനികൾക്കു ക്രോധം ദോഷങ്ങൾ ഉണ്ടാക്കുന്നു.<br>▪ ക്രോധം മുക്തിക്കു വിഘ്നം വരുത്തുന്നു.<br>▪ ധർമ്മം ഇല്ലാതാക്കുന്നു.<br>▪ ബന്ധുക്കളെ വധിക്കുന്നു.<br>▪ മനസ്താപം ഉണ്ടാക്കുന്നു.<br>▪ ക്രോധം യമനാണ് (കാലനാണ്) |

# സാദൃശ്യകൽപ്പനകൾ

## ചേരുംപടിചേർക്കൽ

| വർണ്ണിക്കുന്നത് | സാദൃശ്യപ്പെടുത്തുന്ന വസ്തു |
|---|---|
| ▪ ഭോഗങ്ങൾ | ▪ ക്ഷണപ്രഭ ( ഇടിമിന്നൽ) |
| ▪ അസ്ഥിരമായ മനുഷ്യ ജന്മം | ▪ ചുട്ടു പഴുത്ത ലോഹത്തിൽ വീഴുന്ന ജല ത്തുള്ളി |
| ▪ സുഖഭോഗങ്ങൾക്ക് പിന്നാലെ പായുന്ന മനുഷ്യ ജന്മം. | ▪ പാമ്പിന്റെ വായിലകപ്പെട്ട തവള അന്ത്യ നിമിഷത്തിലും ഭക്ഷണം തേടുന്നു. |
| ▪ കാലം | ▪ പാമ്പ് |
| ▪ കുടുംബ ബന്ധങ്ങൾ (കുടുംബ ജീവിതം ▪ | ▪ സത്രത്തിലെത്തിച്ചേർന്ന വഴിയാത്രക്കാ രുടെ വേർപിരിയൽ |
| പുത്രമിത്രാർഥകളത്രാദി സംഗമം | ▪ നദിയിലൂടെ ഒന്നിച്ചൊഴുകിയ തടിക്കഷ ണങ്ങളുടെ വേർപിരിഞ്ഞൊഴുകൽ |

## എന്നെ കണ്ടെത്താമോ?

- ആദ്യാക്ഷരം ഒരു പോലെ വരുന്ന ഈരടിയാണു ഞാൻ
- രണ്ടാമത്തെ അക്ഷരം എന്നിൽ ഒരുപോലെയാണ്
- ഞാൻ  ഒരു പോലെ അവസാനിക്കുന്നു.

വത്സസൗമിത്രേ കുമാര നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയോരലാറം

കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും

# പദസൂര്യൻ

പാട്ട്, മണിപ്രവാളം-സമന്വയം
ഉദാ:ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെശന്നാമ്രേഡിതം കലർന്നിടും ദശാന്തരേ.

ഈരടികളിലെ രണ്ടാം വർണത്തിലെ സമാനത
ഉദാ- വത്സാ സൗമിത്രേ, കുമാ നീ മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുക.

ഭാവഗൗരവത്തിനുവേണ്ടി ദീർഘ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു.
ഉദാ-
- ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
- പുത്രമിത്രാർത്ഥകളത്രാദി സംഗമം

എഴുത്തച്ഛൻ ഭാഷാപിതാവ്

ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങളുടെ ആവർത്തനം.
ഉദാ- കേൾക്കനീ, ഓർക്കനീ, അറികെടോ

വിഭക്തി പ്രത്യയങ്ങൾ ചേർന്ന സംസ്കൃത പദപ്രയോഗം
ഉദാ- ബിന്ദുനാ, കാലാഹിനാ ചേതസ്സാ

## പാഠം - ഋതുയോഗം

→ **പേരിന്റെ പെരുമ**
→ എത്തിച്ചേരാനുള്ള വഴികൾ
→ ശീർഷകവും പ്രമേയവുമായുള്ള ബന്ധം
→ ഉള്ളടക്ക വിശകലനം
→ ഔചിത്യവിശകലനം

ഋതുയോഗം

വസന്തം-ഋതുരാജൻ
ശകുന്തളാ ദുഷ്യന്ത സർവദമന സംഗമം
ജീവിതവസന്തം

ജീവിതം താരും തളിരും അണിയുന്നു

ശകുന്തളാ ദുഷ്യന്തൻമാരുടെ വേർപാടിന്റെ കാരണം, പിന്നീടുള്ള ഒരുമ

മുൻകാലത്ത് അനുഭവിച്ച കഷ്ടതകൾ

- ക്രോധത്തിനടിപ്പെട്ട മനുഷ്യൻ ബന്ധങ്ങൾ പരിഗണിക്കാതെ കൊലപാതകങ്ങൾ നടത്തുന്നു. (ആനുകാലിക സംഭവങ്ങൾ ചൂണ്ടി കാട്ടുക)
- ക്രോധം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തുന്നു.

  ഉദാ: മാതാപിതൃഭ്രാതൃമിത്ര സഖികളെ

  ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
- ക്രോധം സർവനാശിനി - നിരീക്ഷണം
- ക്രോധം വെടിയേണ്ടതിന്റെ ആവശ്യകത-

  ബോധവത്ക്കരണം- സന്ദേശം- ആഹ്വാനം

ഉദാ:-

ക്രോധം- സമകാലിക പ്രസക്തി

- തലക്കെട്ട്- (ക്രോധം സർവനാശകം, ക്രോധംവെടിയൂ- ജീവീത സുന്ദരമാക്കൂ......)

## ഒന്നാം പാഠം

## ലക്ഷ്മണ സാന്ത്വനം

### എന്നെ അറിയാമോ?

- പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഞാൻ ഒന്നാം സ്ഥാനത്തു നിൽക്കു
ന്നു.
- ഏതു കാര്യത്തെക്കുറിച്ചും വസ്തുനിഷ്ഠവും നിക്ഷ്പക്ഷവും സമഗ്രവുമായ കാഴ്ച പ്പാട് എനിക്കുണ്ട്.
- നിങ്ങൾ എന്നെ പരിചയപ്പെടുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണേ

√ വിഷയസൂചന

√ വിഷയവിശകലനം

√ സ്വന്തം നീരീക്ഷണം

√ ആഹ്വാനം/പ്രതീക്ഷ/പ്രശംസ/താക്കീത്- എന്നീ രീതികളിലേതെങ്കിലുമുള്ള അവസാനിപ്പിക്കൽ -ഭാഷ- വസ്തുനിഷ്ഠം.

- എന്റെ പേരിൽ പ്രസംഗമുണ്ടെങ്കിലും പ്രസംഗിക്കരുത് കേട്ടോ.
- ഞാൻ മുഖപ്രസംഗമെന്ന പേരിലോ എഡിറ്റോറിയൽ എന്ന പേരിലോ നിങ്ങളുടെ മുന്നിലെത്താം.

## എന്നെ അറിയാൻ.

- എന്റെ പേര് സർവദമനൻ
- കുലം- പുരുവംശം
- മാതാപിതാക്കൾ- ശകുന്തള, ദുഷ്യന്തൻ
- പേരിന്റെ പൊരുൾ- എല്ലാം അടക്കുന്നവൻ
- ഒരു കുസൃതിക്കുട്ടൻ

**- സിംഹത്തിന്റെ വായിലെ പല്ല് എണ്ണി നോക്കുന്നു.**

**- കുഞ്ചിരോമങ്ങൾ പിടിച്ചു വലിക്കുന്നു.**

- **സന്ദർഭത്തിനനുസരിച്ച് ഉചിതമായ മറുപടി നൽകുന്നതിൽ സമർഥൻ**

ഉദാ:- ( എന്റെ അച്ഛൻ ദുഷ്യന്തനാണ് താനല്ല.)

- നിഷ്കളങ്കത, ക്ഷാത്രവീര്യം എന്നീ ഗുണങ്ങൾ ചേർന്നവൻ.

ചേരുംപടി ചമൽക്കാരഭംഗി

| | |
|---|---|
| ▪ സർവദമനൻ | ▪ എരിയാൻ വിറകിന്നു കാത്തു കിടക്കുന്ന തീപ്പൊരി |
| ▪ കളിക്കോപ്പു വാങ്ങുവാൻ കിട്ടുന്ന സർവ ദമനന്റെ കൈകൾ | ▪ പ്രഭാതത്തിൽ വിരിഞ്ഞു വരുന്ന താമര പ്പൂവ് |
| ▪ കുട്ടിയുടെ ആശ്രമത്തിനു ചേരാത്ത പ്രവൃത്തി (സർവദമനന്റെ) | ▪ ചന്ദനമരത്തിലെ ചെറുപാമ്പ്. |
| ▪ ശാപശക്തിയാൽ ശകുന്തളയെ മറന്ന ദുഷ്യന്തൻ ശാപമകന്ന് ശകുന്തളയെ തിരി ച്ചറിയുന്നു. | ▪ രാഹുവിൽ നിന്നകന്ന് ചന്ദ്രൻ രോഹി ണിയോടു ചേരുന്നു |

## നാടകീയത നിറയുന്ന നാടകം

- കഥാപാത്ര സന്നിവേശം

  (ദുഷ്ഷന്തന്റെ രംഗപ്രവേശം- ആകസ്മികം)
- ശകുന്തലാസ്യം എന്ന പ്രയോഗം
- അപരാജിത എന്ന രക്ഷ ദുഷ്യന്തൻ എടുക്കുന്നത്
- ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പിരക്കുന്ന ദുഷ്യന്തൻ

# I. പാവങ്ങൾ

## മാപ്പർഹിക്കുന്ന തെറ്റ്

| പ്രവൃത്തി | പ്രതികരണം |
|---|---|
| ▪ 19 വർഷത്തെ ജയിൽ വാസത്തിനു ശേഷം സർവരാലും തിരസ്കൃതനായ ഴാങ്‌വാൽഴാങ് മെത്രാന്റെ വസതിയിൽ എത്തിച്ചേരുന്നു. | ▪ മെത്രാൻ ഴാങ്‌വാൽഴാങ്ങിനെ സ്വീകരിച്ച് പാർപ്പിടവും അന്നവും നൽകുന്നു. |
| ▪ രാത്രിയിൽ മെഴുകുതിരിക്കാലുകൾ മോഷ്ടിക്കുന്നു; പൊലീസ് പിടിയിലാകുന്നു. മെത്രാന്റെ മുന്നിലെത്തുന്നു. | ▪ മെഴുകുതിരിക്കാലുകൾ ഴാങ്‌വാൽഴാങ്ങിന് കൊടുത്തതാണെന്ന് മെത്രാൻ പറയുന്നു. ഴാങ്‌വാൽഴാങ്ങിന് എപ്പോഴും മുൻവാതിലിലൂടെ വരാം |
| ▪ ഴാങ്‌വൽൽഴാങ്ങിന്റെ മോഷണ വാസന. | ▪ സത്യവാനായിരിക്കാൻ മെത്രാൻ നിർബന്ധിക്കുന്നു. ഴാങ്‌വാൽഴാങ്ങിന്റെ പ്രവൃത്തിക്ഷമിച്ച് പുതിയൊരു ജീവീതം നയിക്കാൻ പ്രേരിപ്പിക്കുന്നു. (തെറ്റുകുറ്റങ്ങൾക്ക് മാപ്പുനൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ) |

## II. പാവങ്ങൾ - ലോക സാഹത്യത്തിലെ വിസ്മയം

- ചരിത്രവും, ജീവിതവും ഇഴചേർന്ന അവതരണം
- മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന മികച്ച രചന
- തെറ്റുകുറ്റങ്ങൾ ചെയ്തവനോട് പൊറുക്കുക എന്നതാണ് മാനവികത
- നീതിയില്ലാത്ത നിയമവിയവ്യവസ്ഥകൾ മനുഷ്യനെ കുറ്റവാളിയാക്കി ജിവിത ദുരിതത്തിലേക്ക് നയിക്കുന്നു.
- ദാരിദ്രവും,അജ്ഞതയുമാണ് മനുഷ്യനെ തെറ്റിലേക്ക് നയിക്കുന്നത്
- തെറ്റുകുറ്റങ്ങൾ ചെയ്തവനെ ശിക്ഷകൊണ്ട് തിരുത്താനാവില്ലെന്നും സ്നേഹവും കാരുണ്യവുംകൊണ്ട് മാനസാന്തരപ്പെടുത്താമെന്നും വെളിപ്പെടുത്തുന്ന കൃതി
- മനുഷ്യസങ്കടങ്ങൾ ഏതു സമൂഹത്തിലും ഏതു കാലത്തും ഒരുപോലെയാണ്
- ദാരിദ്രവും, അജ്ഞതയും നിലനിൽക്കുന്ന കാലത്തോളം ഈ നോവൽ പ്രസക്തമാണ്.
- ലോകമെമ്പാടുമുളള ദരിദ്രരായ ജനങ്ങളുടെ നേർക്കാഴ്ച്ച ഴാങ്വാൽഴാങിലൂടെ നോവലിസ്റ്റ് കണിച്ചു തരുന്നു.

## III. പാവങ്ങൾ - ലോക സാഹത്യത്തിലെ വിസ്മയം


(i) രണ്ട് ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ടു കുടകൾ പോലെ ആഞ്ഞടിക്കുന്നത് അയാൾ കേട്ടു.

- ഇരുട്ടിൽ ഭയന്നു നിൽക്കുന്ന ഒരുവന്റെ മനസ്സിനെ പ്രതിഫലിക്കുന്നു.
- ഭയപ്പെട്ടവന്റെ രക്തധമനികൾ വേഗത്തിൽ ശക്തമായി തുടിക്കുന്നു.

(ii) ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നിടത്തുതന്നെ മിഴിച്ചു നിന്നു.

- ഭയത്താൽ വിളറിയ ഴാങ്വാൽഴാങ്
- ഭയം സൃഷ്ടിച്ച നിശ്ചലത
- ചുടേറ്റാലോ, തണുപ്പേറ്റാലോ ഉപ്പ് വേഗത്തിൽ അലിഞ്ഞു പോകുന്നു.
- മോഷണത്തിന് പിടിക്കപ്പെട്ടാൽ ഉപ്പ് അലിഞ്ഞ് ഇല്ലാതാകുന്നതുപോലെ തന്റെ ജീവിതവും ഇല്ലാതാകും എന്ന് ഴാങ്വാൽഴാങ് ചിന്തിക്കുന്നു.

## IV. പദസൂര്യൻ


മെത്രാൻ
ലാളിത്യം
വിശ്വമാനവികത
വിശക്കുന്നവന് ഭക്ഷണവും ആശ്രയവും നൽകി
കുറ്റവാളിയിലും നന്മകാണുന്നു.
സമത്വവും സാഹോദര്യവും പുലർത്തുന്നു.
മാനവികത ഉയർത്തി കാട്ടുന്നു.
മനുഷ്യസ്നേഹി
നന്മയുടെ പ്രതീകം

യൂണിറ്റ് II

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

1. വിശ്വരൂപം
2. പ്രിയദർശനം
3. കടൽത്തീരത്ത്

I പട്ടിക

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം | കഥാപാത്രങ്ങൾ |
|---|---|---|---|
| ലളിതാംബിക അന്തർജ്ജനം | വിശ്വരൂപം | ചെറുകഥ | മിസ്സിസ് തലത്ത്, മിസ്റ്റർ തലത്ത്, സുധീർ |
| കുമാരനാശാൻ | നളിനി | ഖണ്ഡകാവ്യം | നളിനി, ദിവാകരൻ |
| ഒ.വി.വിജയൻ | കടൽത്തീരത്ത് | ചെറുകഥ | വെള്ളായിയപ്പൻ, കണ്ടുണ്ണി |

II താരതമ്യം

| മിസ്സിസ് തലത്ത് | താഴത്തുകുഞ്ഞികുട്ടിയമ്മ |
|---|---|
| • പ്രൗഢവനിത | സാധാരണജീവിതം |
| • സൽക്കാരപ്രിയ | സൽക്കാരം സ്വീകരിക്കാൻ ആരുമില്ല |
| • ആഡംബരജീവിതം, ആരുടെ മുന്നിലും തലകുനിക്കാത്ത പ്രകൃതം | ലളിതജീവിതം |
| • ജീവിതം ഭർത്താവിനുവേണ്ടി | ഭർത്താവിന്റെ വിയോഗം |
| • കുട്ടികളെ വളർത്താത്ത അമ്മ | മക്കൾ ഉപേക്ഷിച്ച അവസ്ഥ |
| • മാതാപിതാക്കളോടുള്ള കടമ നിർവ്വഹിച്ചിട്ടില്ല | മാതൃഭാവത്തിലേക്കുള്ള തിരിച്ചു പോക്ക് |

III **പേരിന്റെ പെരുമ**

**വിശ്വരൂപം**

- സ്ത്രീയുടെ യഥാർത്ഥരൂപം-അമ്മ-തിരിച്ചറിയൽ
- മിസ്സിസ്സ് തലത്തിന്റെ ആദ്യകാല ജീവിതം
- കുട്ടികളെ വളർത്താത്ത അമ്മ
- ഭർത്താവിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- ഭർത്താവിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം
- സുധീറിനെ കണ്ടുമുട്ടൽ
- മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്

IV ഭാരതം-സംസ്കാരസമ്പന്നമായ നാട്

> ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം.
> ഇന്ത്യ എത്ര നല്ല നാടാണ്.

- ഊഷ്മളമായ കുടുംബബന്ധം
- മാതാപിതാക്കളെ ദൈവത്തെപ്പോലെ കരുതുന്നു.
- വിദേശങ്ങളിൽ മാതാപിതാക്കളെ സംരക്ഷിക്കൽ മക്കളുടെ ഉത്തരവാദിത്വം അല്ല.

V **ചിലപ്പോൾ ഞാൻ തനിയെ**

കൂട്ടുകുടുമ്പോൾ ആള് മാറും. പക്ഷേ നിങ്ങൾ തിരിച്ചറിയണം.

- മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി
- അയാൾ അവിടെ നിന്നുപോയി


(ആദ്യവാക്യത്തിൽ ഞാൻ ഓർത്തു എന്ന ക്രിയയെ പരിഷ്കരിക്കുന്നു. രണ്ടാമത്തെ വാക്യത്തിൽ പോവുക എന്ന ക്രിയയുടെ അർഥത്തിൽ തന്നെ പ്രയോഗിക്കുന്നു.)

**പ്രിയദർശനം**

I **പ്രിയദർശനം-പ്രിയമുള്ളവർ തമ്മിലുള്ള കണ്ടുമുട്ടൽ ആകുമ്പോൾ**

- നളിനി, ദിവാകരൻ-ബാല്യകാലസുഹൃത്തുക്കൾ
- നളിനിയ്ക്കും ദിവാകരനും ഉണ്ടായ മാറ്റങ്ങൾ
- പുനഃസമാഗമം (ഹിമാലയസാനുക്കളിൽ-ആശ്രമം)
- ദിവാകരൻ നളിനിയ്ക്കു നൽകിയ ഉപദേശം

II **സാദൃശ്യകല്പന**



കരഞ്ഞുകലങ്ങിയ മുഖത്തോടുകൂടിയ നളിനി



മഞ്ഞണിഞ്ഞ പനിനീർപൂവ്

III **ഞാൻ വേദിയുടെ അധിപൻ**

- സംബോധന
- ഉദ്വേഗം ജനിപ്പിക്കുന്ന തുടക്കം
- ആശയങ്ങൾ വ്യക്തതയോടും അടുക്കും ചിട്ടയോടും അവതരിപ്പിക്കൽ
- സ്വന്തം നിരീക്ഷണം, സമകാലികത
- സന്ദേശം
- ഭാഷാലാളിത്യം
- ഉപസംഹാരം

ഉദാ: കേരളം ലോകത്തിനു മാതൃക

അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ-ആശാൻ

അവനവനാത്മസുഖത്തിന്നാചരിക്കുന്നവ
അപരന്നുസുഖത്തിന്നായ് വരേണം-ശ്രീനാരായണഗുരു

അതിജീവനം
കേരളം അഭിമുഖീകരിച്ച പ്രളയദുരന്തം
കോവിഡ് 19 മഹാമാരി

- നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഉപകാരപ്രദം ആകണം
- നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക-ബൈബിൾ

- മദർതെരേസ, ഫാദർ ഡാമിയൻ, നെൽസൺമണ്ടേല, മഹാത്മാഗാന്ധി തുടങ്ങിയവരുടെ ജീവിതം
- നാം നമ്മുടെ സുഖത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ അന്യർക്കുകൂടി ഉപകാര പ്രദമാകണം.

"പരോപകാരമേ പുണ്യം
പാപമേ പരപീഡനം
പരോപകാരാർത്ഥമിദം ശരീരം"

- മത്സ്യത്തൊഴിലാളികൾ, (കേരളസമൂഹം ഒറ്റക്കെട്ടായി നിന്ന് വെള്ളപ്പൊക്കദുരന്തം നേരിട്ടു.)

പരസ്പരസഹകരണം, സഹായം-ജീവൻ പോലും ത്യജിച്ച്

- കോവിഡ് മഹാമാരിക്കെതിരെ ആരോഗ്യവകുപ്പും പൊതുസമൂഹവും ഒന്നിച്ച് നില കൊള്ളുന്നു
- പെട്ടിമുടി ദുരന്തം, കരിപ്പൂർ വിമാനാപകടം-കോവിഡിനെ മറന്നും ആളുകളുടെ രക്ഷാപ്രവർത്തനം

## കടൽത്തീരത്ത്

**കഥയുടെ കാതൽ**

- മകന്റെ മരണശിക്ഷയ്ക്ക് സാക്ഷിയാകാൻ യാത്രയാവുന്ന വെള്ളായിയപ്പൻ
- പാഴുതറ ഗ്രാമത്തിനുവേണ്ടിയുള്ള യാത്ര
- ഗ്രാമീണനന്മയുടെ നേർക്കാഴ്ച
- കോടച്ചി (അമ്മ) നൽകിയ കണ്ണീരിന്റെ നനവുള്ള പൊതിച്ചോറ്
- ജയിലിനകത്തുവെച്ചുള്ള അച്ഛന്റെയും മകന്റെയും കണ്ടുമുട്ടൽ ഹൃദയഭേദകമാണ്.
- മകന്റെ മൃതദേഹം ഏറ്റുവാങ്ങാൻ ദരിദ്രനായ വെള്ളായിയപ്പന് കഴിയുന്നില്ല.
- യാത്രയിൽ കഴിയ്ക്കാൻ ഭാര്യ നൽകിയ പൊതിച്ചോറ് മകനുള്ള ബലിച്ചോറായി പരിണമിക്കുന്നു.

| II **കഥാപാത്രം** | **സംഭാഷണം** |
|---|---|
| കുട്ട്യസൻ മാപ്പിള്ള (മരയ്ക്കാർ) | – "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്" |
| കണ്ടുണ്ണി | – "അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?" |
| വെള്ളായിയപ്പൻ | – "യജമാനന്മാരെ, എന്റെ കയ്യിൽ പണമില്ല." |
| നഗരത്തിലെ അപരിചിതൻ | – "കാരണവരെ കട്ടാൽ മതി വീണ്ടും ജയിലിലെത്തി ച്ചേരാം." |

III **ഭാവതലം**

“ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ”

“കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി

“രണ്ടുവാക്കുകൾ മാത്രം. രണ്ടുവാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും, മകനും അറിവുകൾ കൈമാറി.”

ആഖ്യാനം ഭാവസുന്ദരം

“ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.”

“അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.”

“പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.”

IV **പൊതിച്ചോറിന് ജീവൻ തുടിച്ചപ്പോൾ**

- പൊതിച്ചോറ് കഥാപാത്രമാകുന്നു.
- കോടച്ചിയുടെ കണ്ണീരിന്റെ നനവ്
- ആ നനവ് വെള്ളായിയപ്പനോടൊപ്പം വായനക്കാരനും അനുഭവിക്കുന്നു.
- യാത്രയിലുടനീളം തുറക്കാതെ മകനുവേണ്ടി കാത്തുവച്ച പൊതിച്ചോറ്
- പുളിച്ചുപോയ ചോറ് കഥാന്ത്യത്തിൽ ബലിച്ചോറായി മാറുന്നു
- ബലിക്കാക്കകൾക്ക് അന്നമായി പരിണമിക്കുന്നു.

V **കഥ ഞാൻ ആസ്വദിച്ചപ്പോൾ**

- ശീർഷകം
- കഥാകൃത്തിനെ അറിയൽ
- കഥയുടെ പ്രമേയം
- ആശയതലം
- ആസ്വാദനാംശങ്ങൾ (പ്രയോഗഭംഗി, സംഭാഷണചാരുത, ഭാഷാസവിശേഷത)
- സമകാലികപ്രസക്തി
- സമാനാശയം വരുന്ന രചനകൾ
- സ്വന്തം നിരീക്ഷണം
- ദുഃഖസഞ്ചാരം (ശീർഷകം)
- ഒ.വി. വിജയൻ (കഥാകൃത്ത്)
- അച്ഛനും മകനും തമ്മിലുള്ള അതിതീവ്രമായ ആത്മബന്ധം (പ്രമേയം)

ആശയം

ഗ്രാമീണന്റെ നിസ്സഹായാവസ്ഥയും, ദാരിദ്ര്യവും, അവരുടെ കൂട്ടായ്മ, ചെയ്യാത്ത കുറ്റത്തിന് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകൻ. അവനെ രക്ഷിയ്ക്കാൻ കഴിയാതെ പോയ അച്ഛൻ.

അമ്മ നൽകിയ കണ്ണീരിൽ കുതിർന്ന പൊതിച്ചോറ്
മൃതശരീരം ഏറ്റുവാങ്ങാൻ കഴിയാതെ നിസ്സഹായനായ അച്ഛൻ
ബലിച്ചോറായി മാറിയ പൊതിച്ചോറ്.

**പ്രയോഗങ്ങൾ**

മൗനം (അടൂരിന്റെ സിനിമകൾ)

പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.

രണ്ടുവാക്കുകൾ മാത്രം. രണ്ടുവാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും, മകനും അറിവുകൾ കൈമാറി.


**സമകാലികപ്രസക്തി-** ദരിദ്രരായ മനുഷ്യരുടെ ജീവിതാവസ്ഥ എല്ലാക്കാലത്തും ഒരുപോലെയാണ്.

**സമാനരചനകൾ**

തോരാമഴ, നെയ്പായസം, രാമേട്ടൻ, കാറ്റ് പറഞ്ഞ കഥ.

**സ്വന്തം നിരീക്ഷണം.**

VI **വെള്ളായിയപ്പനെ അടുത്തറിയാം.**



.ക്ലാസ്സ് 10 മലയാളം
യൂണിറ്റ് 3
സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

•പ്രലോഭനം
•യുദ്ധത്തിന്റെ പരിണാമം
•ആത്മാവിന്റെ വെളിപാടുകൾ

## I പട്ടിക

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം | കഥാപാത്രങ്ങൾ |
|---|---|---|---|
| ഉണ്ണായിവാര്യർ | നളചരിതം | ആട്ടക്കഥ | നളൻ, ദമയന്തി, കലിദ്വാപരന്മാർ, പുഷ്കരൻ |
| കുട്ടികൃഷ്ണമാരാർ | ഭാരതപര്യടനം | നിരൂപണം | ദുര്യോധനൻ, അശ്വത്ഥാമാവ് |
| പെരുമ്പടവം ശ്രീധരൻ | ഒരു സങ്കീർത്തനംപോലെ | നോവൽ | ദസ്തയേവ സ്കി, അന്ന |

## II പ്രലോഭനം

•ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ
•ദമയന്തിയെ പരിണയിക്കാൻ കഴിയാതെ നളനോട് പകമൂത്ത കലി.
•അപകർഷതാബോധവും, നളനോട് അസൂയയും, നിറഞ്ഞ പുഷ്കരൻ
•നളന്റെ സൗഭാഗ്യങ്ങൾ അപഹരിച്ച് രാജ്യം കൈക്കലാക്കാൻ അനുജനായ പുഷ്കരനെ പ്രലോഭിപ്പിക്കുന്നു.
•പുഷ്കരന് സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുന്ന കലി

## II കലി കലിയാകുമ്പോൾ

- സങ്കീർണ്ണകഥാപാത്രം
- പ്രതികാരദാഹി-പ്രതികാരനിർവ്വഹണത്തിൽ ആനന്ദം.
- പകയുടെ സ്രോതസ്സ്
- ഉദ്ദിഷ്ടകാര്യസിദ്ധിയ്ക്ക് സാഹചര്യം ഒരുക്കുന്നതിൽ വിദഗ്ദ്ധൻ.
- മറ്റുള്ളവരുടെ ദൗർബല്യത്തിൽ കൃത്യമായി നുഴഞ്ഞു കയറുന്നവൻ
- മറ്റുള്ളവരെ പ്രകോപിപ്പിക്കാൻ മിടുക്കൻ
- മനഃശാസ്ത്രപാടവം
- മറ്റുള്ളവരുടെ വിശ്വാസം ആർജ്ജിക്കാൻ അസാമാന്യ കഴിവ്
- അഹങ്കാരത്തോളം എത്തുന്ന ആത്മവിശ്വാസം
- മറ്റുള്ളവരുടെ ജീവിതം തകരുന്നതിൽ കുറ്റബോധം ഇല്ലാത്തവൻ
- സർവ്വവ്യാപി

## III പുഷ്കരൻ ജളനാകുമ്പോൾ

- ദൈന്യം
- നളനോടുള്ള അസൂയ
- അധികാരമോഹം

- കർമ്മഫലത്തെക്കുറിച്ചുള്ള ചിന്ത
- അസംതൃപ്തി
- അസ്വാസ്ഥ്യം
- അമർഷം
- അപകർഷതാബോധം
- മൂഢത്വം

**IV ഒന്നായി തോന്നാം, പക്ഷേ രണ്ടാണ്**

- "പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു?
- പുഷ്കര, നീ 'പഴുതേ' ജന്മം നിഷ്ഫലമാക്കരുതേ"
- ആദ്യം പഴുതേ എന്നു പ്രയോഗിച്ചിരിക്കുന്നത് പുഷ്കരന്റെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കുന്നു.
- നിരാശാബോധം, നിസ്സാഹായ മനോഭാവം, അപകർഷതാബോധം
- രണ്ടാമത് 'പഴുതേ' എന്ന് പ്രയോഗിച്ചിരിക്കുന്നത് കലിയുടെ കൗശലത്തെ പ്രതിഫലിപ്പിക്കുന്നു.
- പുഷ്കരനെ പ്രകോപിപ്പിക്കൽ, പുഷ്കരനെക്കുറിച്ച് ഉത്കണ്ഠയുള്ള ആളാണെന്ന് തെറ്റിദ്ധരിപ്പിക്കൽ, കുറഞ്ഞ സമയം കൊണ്ട് വിശ്വാസ്യത നേടൽ, നിരാശയിൽ നിന്ന് കോപത്തെ വളർത്തൽ.

**V പേരും പൊരുളും**

പ്രലോഭനം

- ദമയന്തിയിൽ പ്രലോഭിതനായ കലി
- ദമയന്തിയെ നഷ്ടമായത് കലിയ്ക്ക് പക ഉളവാക്കുന്നു.
- പക തീർക്കാൻ നളസഹോദരനെ തിരഞ്ഞെടുക്കുന്നു.
- പുഷ്കരനിലെ ദൗർബല്യങ്ങളെ പ്രലോഭിപ്പിക്കുന്നു.
- പുഷ്കരന്റെ മനസ്സിലെ അധികാരമോഹം പ്രലോഭനത്തിലൂടെ ഉണർത്തുന്നു.
- പ്രലോഭനത്തിന് വിധേയനാകുമ്പോൾ മറ്റുള്ളവന്റെ കളിപ്പാവയാകുന്ന സാഹചര്യം പുഷ്കരനിലൂടെ അവതരിപ്പിക്കുന്നു.
- പ്രലോഭനത്തിന്റെ ശക്തി കലിയിലൂടെ അവതരിപ്പിക്കുന്നു.

**യുദ്ധത്തിന്റെ പരിണാമം**

**I ആശയം**

- മഹാഭാരത ഇതിഹാസത്തിന്റെ പുതിയ രീതിയിലുള്ള ആഖ്യാനം
- മനഃശാസ്ത്രപരമായ നിരൂപണം
- 18 ദിവസം നീണ്ടുനിന്ന കുരുക്ഷേത്രയുദ്ധം
- ദുര്യോധനന്റെ സഹോദരീസ്നേഹം
- ദുര്യോധനന്റെ ആത്മവിശ്വാസവും അയാളുടെ ജീവിതത്തകർച്ചയും-മാരാരുടെ വീക്ഷണത്തിൽ
- അശ്വത്ഥാമാവ്-പകയുടെ പൈശാചിക രൂപം
- പാണ്ഡവശിബിരത്തിൽ അശ്വത്ഥാമാവ് നടത്തിയ അറുംകൊല
- സർവ്വവ്യാപിയും, ചിരഞ്ജീവിയുമായ വേദവ്യാസനും, അശ്വത്ഥാമാവും
  (വേദവ്യാസൻ-മഹാഭാരത രചനയിലൂടെ
  അശ്വത്ഥാമാവ്-പകയുടെ പ്രതിരൂപം)

**ആഴങ്ങളിലേക്ക്**

- വിഷയബന്ധിതമായ തലക്കെട്ട്
- വിഷയാവതരണം
- വിഷയവിശകലനം
- സമകാലികത
- ഉപസംഹാരം
- ഉചിതമായ ഭാഷ
- അടുക്കും ചിട്ടയുമായ അവതരണം

ഉദാ:-

•യുദ്ധം സർവ്വനാശം

•മഹാഭാരതയുദ്ധം ചരിത്രത്തിൽ ഉണ്ടായ മറ്റു യുദ്ധങ്ങൾ-ഫലങ്ങൾ (വിഷയാവതരണം)

•മനുഷ്യമനസ്സുകളിൽ ഉടലെടുക്കുന്ന യുദ്ധം

•യുദ്ധത്തിലൂടെ തകരുന്ന ലോകം

•പാഠഭാഗത്തിലെ ആശയം (വിശകലനം)

•രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ, ആഭ്യന്തരയുദ്ധങ്ങൾ (ഇന്ത്യ-ചൈന, ഇന്ത്യ-പാക്കിസ്ഥാൻ, അഭയാർത്ഥി പ്രശ്നങ്ങൾ, സിറിയൻ കലാപം)

•യുദ്ധം ഒന്നും ബാക്കിവയ്ക്കുന്നില്ല-സ്ത്രീകളും കുട്ടികളും യുദ്ധത്തിന്റെ ഇരകൾ.

•യുദ്ധം നേട്ടങ്ങളുടേതല്ല-നഷ്ടങ്ങളുടേതാണ്, സർവ്വനാശംഫലം

**II ഞാൻ സർവ്വവ്യാപി-ചിരഞ്ജീവി**

- 7 ചിരഞ്ജീവികളിൽ ഒരാൾ-ദ്രോണപുത്രൻ
- പകയുടെ പ്രതിരൂപം
- ശപിക്കപ്പെട്ടവൻ എന്ന വാക്കിന് പൂർണ്ണമായും അർഹൻ
- പൈശാചികമായ അറുകൊലയിലൂടെ കുരുക്ഷേത്രയുദ്ധത്തെ ഭീകരാന്തരീക്ഷത്തിലേക്ക് നയിച്ചവൻ
- വ്യാസനോടൊപ്പം ഏവരുടെയും മനസ്സിൽ കുടികൊള്ളുന്നു.
- എക്കാലത്തും പകയായി നിലകൊള്ളുന്നു.

**III ഹൃദയോന്നതിയുടെ നെറുകയിൽ ദുര്യോധനൻ**

- സ്വപ്രത്യയസ്ഥൈര്യം
- സ്വർഗ്ഗപ്രാപ്തിയിലുള്ള വിശ്വാസം
- സഹോദരീസ്നേഹം
- വിധിയിൽ ആശ്വാസം
- വിജയഭാവം
- സംതൃപ്തി, അഭിമാനം
- ചതിച്ചവരോടുള്ള കോപം, സഹതാപം
- ശത്രുവിനോടുള്ള അവജ്ഞ
- ക്രൂരമരണത്തിലും വിലപിക്കാത്തവൻ.

**IV പേരുകൾ ജനിക്കുന്നു.**

| | |
|---|---|
| ദ്രോണർ | - ദ്രൗണി (ദ്രോണരുടെ പുത്രൻ) |
| ഭീമൻ | - ഭൈമി (ഭീമന്റെ മകൾ) |
| ദശരഥൻ | - ദാശരഥി (ദശരഥന്റെ പുത്രൻ) |
| സുമിത്ര | - സൗമിത്രി (സുമിത്രയുടെ പുത്രൻ) |
| ജനകൻ | - ജാനകി (ജനകന്റെ മകൾ) |
| വീരസേനൻ | - വൈരസേനി (വീരസേനന്റെ പുത്രൻ) |
| ഭഗീരഥൻ | - ഭാഗീരഥി (ഭഗീരഥനിൽ നിന്നും ഉണ്ടായവൾ) |

| | |
|---|---|
| കേമം | - കേമത്തം |
| കള്ളം | - കള്ളത്തരം |
| മടയൻ | - മടയത്തം |

**VI എന്നിൽ ഒളിച്ചിരിക്കുന്നവർ**

ഭീഷ്മകർണഗാന്ധാരസിന്ധുരാജാദി

ഭീഷ്മർ, കർണൻ, ഗാന്ധാരരാജാവ്, സിന്ധു രാജാവ് ആദിയായവർ

പുത്രമിത്രാർഥകളത്രാദി

-പുത്രൻ, മിത്രം, അർഥം, കളത്രം, ആദിയായവ


## ആത്മാവിന്റെ വെളിപാടുകൾ

**I ആശയം**

- റഷ്യൻ നോവലിസ്റ്റ് ഫയദോർ ദസ്തയേവ്സ്കിയുടെ ജീവിതം ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച ഒരു സങ്കീർത്തനം പോലെ എന്ന നോവൽ

- എഴുത്തുകാരനായ ദസ്തയേവസ്കി
- അയാൾ അനുഭവിച്ച ജീവിത പ്രാരാബ്ധങ്ങൾ (ചുഴലിരോഗം, ജ്യേഷ്ഠന്റെയും ഭാര്യയുടെയും മരണം, സാമ്പത്തിക പ്രതിസന്ധി, ചൂതാട്ടം, സ്റ്റല്ലോവ്സ്കിയുമായുള്ള കരാർ)
- അന്നയുടെ വരവ് ജീവിതത്തിലും എഴുത്തിലും ഉണ്ടാക്കിയ മാറ്റം
- ജീവിതത്തെ പ്രാസാദാത്മകമായി നോക്കിക്കാണുന്നതിലെ ആനന്ദം

II കെട്ടുപിണഞ്ഞ ചരട്



# യൂണിറ്റ്-4
## വാക്കുകൾ സർഗ്ഗതാളങ്ങൾ

1. അക്കർമാശി
2. ഞാൻ കഥാകാരനായ കഥ
3. അശ്വമേധം

I **പട്ടിക**

| **സാഹിത്യകാരൻ** | **കൃതി** | **പ്രസ്ഥാനം** |
|---|---|---|
| ശരൺകുമാർ ലിംബാളെ | അക്കർമാശി | ആത്മകഥ |
| എസ്.കെ. പൊറ്റെക്കാട് | ഞാൻ കഥാകാരനായ കഥ | ലേഖനം |
| വയലാർ രാമവർമ്മ | അശ്വമേധം | കവിത |

II **അക്കർമാശി**

- മറാഠി എഴുത്തുകാരനായ ശരൺകുമാർ ലിംബാളെയുടെ ആത്മകഥ
- ജാതീയവും വംശീയവുമായ വിവേചനം
- ബാല്യത്തിൽ അനുഭവിച്ച ദാരിദ്ര്യം (ചവറുപെറുക്കി ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നു)
- കഷ്ടതകൾക്കിടയിലും മൂല്യവത്തായ ജീവിതം സാധ്യമാണ്. (കളഞ്ഞുകിട്ടിയ പണം തിരികെ ഏൽപ്പിച്ച് സത്യസന്ധത നിലനിർത്തി)
- വെല്ലുവിളികളെയും ദുരിതങ്ങളെയും സാഹിത്യരചനയുടെ മഷിപ്പാത്രമാക്കി വിജയത്തിലേക്ക് നടന്ന ലിംബാളെ

III **അക്ഷരമഹാത്മ്യം**

- കഷ്ടപ്പാടുനിറഞ്ഞ ബാല്യം
- അനാഥത്വം
- അറിവുനേടാനുള്ള ആഗ്രഹം
- ചവറുകൂനയിൽ നിന്ന് ലഭിച്ച കടലാസ് വായിക്കാനുള്ള ആവേശം

IV **നിലപാടുകളിലെ സന്ദേശം**

- കളഞ്ഞുകിട്ടിയ പണം
- പിർജാദെയുടെ പ്രലോഭനം
- സിനിമ കാണാൻ കൊതി ഉണ്ടായിട്ടും പ്രലോഭനത്തെ അതിജീവിക്കുന്നു.
- സ്കൂളിൽ നിന്നും കിട്ടുന്ന അഭിനന്ദനം
- ആഗ്രഹങ്ങൾ സഫലമാക്കാൻ മൂല്യങ്ങൾ കൈവെടിയാതെ ഇരിക്കുക
- മൂല്യസംരക്ഷണം നൽകുന്ന ആത്മാനന്ദം

ഞാൻ കഥാകാരനായ കഥ

I

- എസ്.കെ. പൊറ്റെക്കാടിന്റെ എഴുത്തനുഭവം
- അനുഭവങ്ങൾ വായനക്കാരന്റെ മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കുന്നു.
- ആദ്യം എഴുതിയ കത്ത് വായനക്കാരനിൽ പരിവർത്തനങ്ങൾ സൃഷ്ടിച്ചു.
- വൃദ്ധയുടെ ദയനീയ ജീവിതത്തോടുള്ള മനസ്സലിവ്
- എഴുത്തുകാരന്റെ കടമയും, സാമൂഹികപ്രതിബദ്ധതയും
- തന്റെ പ്രവർത്തനം ലക്ഷ്യം കണ്ടതിലുള്ള ചാരിതാർത്ഥ്യം

II **വാക്കിന്റെ ശക്തി**

- മകൻ ഉപേക്ഷിച്ച അമ്മയുടെ ജീവിതദുഃഖങ്ങൾ
- മകൻ എന്ന വായനക്കാരനെ മുന്നിൽകണ്ട് എസ്.കെ. എഴുതിയ കത്ത്
- സരസ്വതീവിലാസങ്ങൾ ചേർത്തപ്പോൾ (ഭാഷാപരമായ മേന്മ, അവതരണശൈലിയിലെ മികവ്, ആത്മാർത്ഥത, വൈകാരികത, ധാർമ്മികബോധം)
- മകനിൽ ഉളവായ പരിവർത്തനം

**അശ്വമേധം**


I

- സർഗ്ഗശക്തിയെ കുതിരയോട് സാമ്യപ്പെടുത്തുന്നു.
- ലോകസംസ്കാരത്തെ മാറ്റിമറിയ്ക്കുന്ന തൂലികയുടെ ശക്തി.
- കുതിരയെ കണ്ടെത്തൽ, വളർത്തൽ, എന്നിവ സർഗ്ഗശേഷിയുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുന്നു.
- ദൈവവിശ്വാസങ്ങളുടെയും, രാജസേവയുടെയും തടങ്കലിൽ കിടന്ന സർഗ്ഗശക്തിയാകുന്ന കുതിരയെ മോചിപ്പിച്ചു സാധാരണക്കാരനിൽ എത്തിച്ചു.

II **മനുഷ്യപുരോഗതിയുടെ പടവുകൾ**



III **മനുഷ്യൻ-മഹത്തായ പദം**



# യൂണിറ്റ്-5
# കലകൾ, കാവ്യങ്ങൾ

പാഠഭാഗം

1. ഉരുളക്കിഴങ്ങ് തിന്നുന്നവർ
2. മൈക്കലാഞ്ജലോ മാപ്പ്

| 1. **കൃതി** | **പ്രയോഗം** | **എഴുത്തുകാരൻ** |
|---|---|---|
| ഉരുളക്കിഴങ്ങ് തിന്നുന്നവർ | 1. ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരം (മഞ്ഞിൽ കുളിച്ച് നിൽക്കുന്ന വീട്)<br>2. പ്രാചീനകാലത്ത് ഏതോ പക്ഷിയുടേതു പോലുള്ള ശിരസ്സ് (കിഴവൻ മിറലിന്റെ ശിരസ്സ്)<br>3. ഘടികാരത്തിൽ നിന്നും സമയം തുള്ളികളായി താഴേക്കിറങ്ങുന്ന സമയം<br>4. വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുവരുകൾ ഉള്ള വീട് | സുഭാഷ് ചന്ദ്രൻ |
| II<br>മൈക്കലാഞ്ജലോ മാപ്പ് | 1. ദുഃഖത്തിൻ സൂര്യശില<br>2. പാഴ്ചിപ്പിയുടെ മൂകസങ്കടം | ഒ.എൻ.വി. കുറുപ്പ് |

## ഉരുളക്കിഴങ്ങ് തിന്നുന്നവർ


ആശയം

- വിൻസെന്റ് വാൻഗോഗിന്റെ പൊട്ടെറ്റോ ഈറ്റേഴ്സ് എന്ന ചിത്രത്തെ ആസ്പദമാക്കി സുഭാഷ് ചന്ദ്രൻ രചിച്ച കഥ
- ഖനിത്തൊഴിലാളിയായ മകന് അപകടം സംഭവിച്ചതറിഞ്ഞ് അന്വേഷിച്ച് കണ്ടെത്താനാകാതെ വീട്ടിൽ തിരിച്ചെത്തിയ പിതാവ്
- ഭർത്താവ് മരിച്ചു എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്ന ജൂലിയാന
- ദുഃഖം തളംകെട്ടിനിൽക്കുന്ന അന്തരീക്ഷത്തിലും മറ്റുള്ളവർക്ക് സന്തോഷം പകരുന്ന കുട്ടി
- ഭക്ഷണത്തിനായി കൊണ്ടുവച്ച പുഴുങ്ങിയ ഉരുളക്കിഴങ്ങിൽ മകന്റെ മരണം ദർശിക്കുന്ന അച്ഛൻ

II കവിതപോലെ സുന്ദരം

- മകനെ കാണാതെ തിരിച്ചെത്തുന്ന പിതാവിന്റെ ആത്മസംഘർഷങ്ങൾ (ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരം, ഇടംവലം ഉലഞ്ഞ് വീട് അടുത്തുവന്നു)
- ദുഃഖം, മരണം എന്നിവ അടയാളപ്പെടുത്തുന്ന വാക്യങ്ങൾ (കിഴവന്റെ നെഞ്ചിൽ വീണ തീക്കനൽ, ഘടികാരത്തിൽ നിന്നും സമയം തുള്ളിതുള്ളിയായി താഴേക്കിറ്റുന്ന ശബ്ദം)
- കാവ്യഭാഷയുടെ സൗന്ദര്യം

III **ദാരിദ്ര്യം കാഥാപാത്രമാകുമ്പോൾ**




I **മൈക്കലാഞ്ജലോ മാപ്പ്**

- ലോകത്തിലെ മഹോന്നത, കലാസൃഷ്ടികളിൽ ഒന്നാണ് മൈക്കലാഞ്ജലോയുടെ ലാ പിയാത്ത എന്ന ശില്പം
- ഈ ശില്പത്തിന്റെ സൗന്ദര്യം കവി ആസ്വദിച്ചിരുന്നു.
- പത്രവാർത്തയിലൂടെ, ശില്പം തകർത്തതറിഞ്ഞ് കവിയുടെ വേദന കവിതയായി പരിണമിക്കുന്നു.
- ലാ പിയാത്തയുടെ സൗന്ദര്യം കവിതയിൽ നിന്നും ആസ്വദിക്കാൻ കഴിയുന്നു.
- മകന്റെ മൃതശരീരം മടിയിലേറ്റി ദുഃഖത്തിന്റെ ചുമടുമായി ഇരിക്കുന്ന അമ്മ
- സർഗ്ഗസൃഷ്ടിയിൽ ശില്പിയോടൊപ്പം സഞ്ചരിച്ച കവി മനസ്സ്.
- ലോകത്തിന്റെ സാംസ്കാരിക പൈതൃകചിഹ്നങ്ങൾ നശിപ്പിക്കപ്പെട്ടതിലുള്ള വേദന

II നിർമ്മാണവും തകർക്കലും

**സൃഷ്ടി സംഹാരം**

- ശിൽപ്പി (മൈക്കലാഞ്ചലോ) ശിൽപ്പനിർമ്മാണത്തിനായി ചുറ്റിക എടുത്തു. ശിൽപ്പ നിർമ്മാണം പൂവിരിയുന്നതുപോലെ മൃദുലവും സാവാധനവും ആണ്.
- ശിൽപ്പിയോടൊത്ത് നിലകൊള്ളുന്ന കവി കലയുടെ അനശ്വരതയിൽ പങ്കാളിയാകുന്നു.
- ജഡശിൽപയിൽ നിന്ന് കരുണയുടെ ഭാവഗാനം സൃഷ്ടിക്കുന്നു.

**സംഹാരം**

- തച്ചുടയ്ക്കാൻ മാത്രം ചുറ്റിക എടുക്കുന്നവർ ഡ്രഗ്ഗുകൾ തേടി പോകുന്ന പുതു തലമുറ
- ആർദ്രതയുടെ വെളുത്തകൈതാമര ഇടിവെട്ടുന്ന ശബ്ദത്തിൽ തകരുന്നു.

III **അഭിപ്രായം പറയൂ...**

ഉത്തമകലാസൃഷ്ടികൾ മനുഷ്യസംസ്കാരത്തെ എക്കാലവും ഉദാത്തമാക്കുന്നു. വിശിഷ്ടസാഹിത്യകൃതികൾ-ചിത്രങ്ങൾ, ശില്പങ്ങൾ തുടങ്ങിയവ സംസ്കാരത്തിന്റെ അടയാളങ്ങളാണ്.

പല കാരണങ്ങളാൽ പല കാലത്തും നശിപ്പിക്കാനുള്ള പ്രവണതകൾ ഉണ്ടാകുന്നു. ഇത്തരം പ്രവണതകൾ മനുഷ്യസംസ്കാരത്തിന് എതിരാണ്.